**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5939** **25-03-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ വൈദ്യുതി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സൗജന്യ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന എത്ര ഗാർഹിക ഉപഭോക്താക്കളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; | (എ) | സൗജന്യ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഫെബ്രുവരി 2025-ലെ കണക്കനുസരിച്ച് ചുവടെ ചേർക്കുന്നു. |

| **ജില്ല** | **സൗജന്യ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ** |
|---|---|
| തിരുവനന്തപുരം | 7,26,758 |
| കൊല്ലം | 5,65,624 |
| പത്തനംതിട്ട | 2,73,421 |
| കോട്ടയം | 3,83,419 |
| ആലപ്പുഴ | 3,88,883 |
| എറണാകുളം | 5,72,923 |
| തൃശ്ശൂർ | 5,97,447 |
| പാലക്കാട് | 6,53,962 |
| കോഴിക്കോട് | 6,16,896 |
| മലപ്പുറം | 7,82,113 |
| വയനാട് | 2,23,804 |
| ഇടുക്കി | 2,88,702 |
| കണ്ണൂർ | 5,11,813 |
| കാസറഗോഡ് | 2,68,690 |
| **ആകെ** | **68,54,455** |

| | | | |
|---|---|---|---|
| (ബി) | ദുർബല വിഭാഗങ്ങളിലെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന സൗജന്യ സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | സമ്പൂർണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ |

<table>
<tr><td></td><td></td><td></td><td>കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു.<br><br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതും 1000 വാട്ട്സ് കണക്ടഡ് ലോഡ് ഉള്ളതുമായ കുടുംബങ്ങൾക്ക് ഫിക്സഡ് ചാർജ്ജ് ഈടാക്കാറില്ല, കൂടാതെ പ്രതിമാസം 40 യൂണിറ്റ് വൈദ്യുതിയ്ക്ക് കുറഞ്ഞ നിരക്കമാണ്. എന്നാൽ ഈ വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളിൽ ക്യാൻസർ രോഗികളോ/അംഗ പരിമിതരോ ആണെങ്കിൽ പ്രതിമാസം 100 യൂണിറ്റ് വൈദ്യുതി വരെ കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത് (2000 വാട്ട്സ് കണെക്ടഡ് ലോഡ് പരിധിയുണ്ട്).</td></tr>
<tr><td>(സി)</td><td>സമ്പൂർണ്ണമായും വൈദ്യുതി സൗജന്യമായി ലഭിക്കുന്ന എത്ര ഗാർഹിക ഉണഭോക്താക്കളാണ് സംസ്ഥാനത്തുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?</td><td>(സി)</td><td>സമ്പൂർണമായും വൈദ്യുതി സൗജന്യമായി ലഭിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ, ഫെബ്രുവരി 2025 ലെ കണക്കനുസരിച്ച് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ജില്ല</th><th>എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>820</td></tr>
<tr><td>കൊല്ലം</td><td>174</td></tr>
<tr><td>പത്തനംതിട്ട</td><td>38</td></tr>
<tr><td>കോട്ടയം</td><td>78</td></tr>
<tr><td>ആലപ്പുഴ</td><td>160</td></tr>
<tr><td>എറണാകുളം</td><td>375</td></tr>
<tr><td>തൃശ്ശൂർ</td><td>726</td></tr>
<tr><td>പാലക്കാട്</td><td>2227</td></tr>
<tr><td>കോഴിക്കോട്</td><td>381</td></tr>
<tr><td>മലപ്പുറം</td><td>1404</td></tr>
<tr><td>വയനാട്</td><td>2373</td></tr>
<tr><td>ഇടുക്കി</td><td>59</td></tr>
<tr><td>കണ്ണൂർ</td><td>712</td></tr>
<tr><td>കാസർഗോഡ്</td><td>362</td></tr>
<tr><td>ആകെ</td><td>9889</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ